പത്രക്കുറിപ്പ്
09/10/2020

# 'കരുതൽ' ക്യാമ്പെയ്നിലൂടെ 6.44 കോടി രൂപയുടെ വിറ്റുവരവ്

തിരുവനന്തപുരം : കോവിഡ് - 19ന്റെ ഭാഗമായുള്ള ലോക്ഡൗണിനെത്തുടർന്ന് നഷ്ടം നേരിടേണ്ടി വന്ന കുടുംബശ്രീ സംരംഭകർക്കും കൃഷിസംഘങ്ങൾക്കും ആശ്വാസമേകുന്നതിനായി നടപ്പിലാക്കിയ കരുതൽ ക്യാമ്പെയ്ൻ മുഖേന 6,44,97,299 രൂപയുടെ വിറ്റുവരവ്. സംരംഭകരെ/കൃഷിസംഘാംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രശ്നങ്ങൾ നേരിട്ട സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുമായി നടത്തിയ ഈ ഉത്പന്ന- വിപണന ക്യാമ്പെയ്ൻ മുഖേന ഉത്പന്നങ്ങളടങ്ങിയ കിറ്റ് അയൽക്കൂട്ടാംഗങ്ങളിലേക്ക് എത്തിച്ച് നൽകുകയാണ് ചെയ്തത്. ഓണക്കാലത്ത് നടത്തിയ ക്യാമ്പെയ്ൻ സെപ്റ്റംബർ 30 വരെയായിരുന്നു.

അതാത് ജില്ലയിലെ സംരംഭകരിൽ നിന്ന് ഉത്പന്നങ്ങളുടെ വിലവിവരവും മറ്റും കുടുംബശ്രീ ജില്ലാ ടീമുകൾ ശേഖരിക്കുകയും ഇക്കാര്യം തദ്ദേശ സ്ഥാപന തലത്തിലുള്ള കുടുംബശ്രീയുടെ സംഘടനാ സംവിധാനമായ സിഡിഎസിനെ (കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി) അറിയിക്കുകയും ചെയ്യുന്നു. കിറ്റ് വേണ്ട അയൽക്കൂട്ടാംഗങ്ങളുടെ പട്ടിക അതാത് അയൽക്കൂട്ടങ്ങൾ തയാറാക്കുന്നു. അയൽക്കൂട്ടങ്ങളിൽ നിന്ന് സിഡിഎസുകൾ ഈ പട്ടിക ശേഖരിച്ച് അന്തിമ പട്ടിക തയാറാക്കി ജില്ലാ ടീമിനെ അറിയിക്കുകയും ചെയ്യുന്നു. സൂക്ഷ്മ സംരംഭങ്ങളിൽ നിന്നും കൃഷിസംഘങ്ങളിൽ നിന്നുമുള്ള വിവിധ കാർഷിക, കാർഷികേതര ഉത്പന്നങ്ങൾ തെരഞ്ഞെടുത്ത് ശേഖരിച്ച് ജില്ലാ ടീമുകളുടെയും സിഡിഎസുകളുടെയും നേതൃത്വത്തിൽ ഉത്പന്ന കിറ്റുകൾ തയാറാക്കുന്നു. ഈ കിറ്റുകൾ സിഡിഎസുകൾ മുഖേന അയൽക്കൂട്ടങ്ങളിലേക്ക് എത്തിക്കുന്നു. അയൽക്കൂട്ടങ്ങളുടെ ആന്തരിക സമ്പാദ്യത്തിൽ നിന്ന് സിഡിഎസിന് കിറ്റുകളുടെ തുക നൽകുന്നു. കിറ്റുകൾ വാങ്ങിയ അയൽക്കൂട്ടാംഗങ്ങൾ പരമാവധി 20 തവണകളായി കിറ്റിന്റെ തുക അതാത് അയൽക്കൂട്ടത്തിൽ തിരികെ അടയ്ക്കുന്നു. ഈ രീതിയിലായിരുന്നു ക്യാമ്പെയ്ന്റെ സംഘാടനം. ചില ജില്ലകളിൽ ക്യാമ്പെ യ്ൻ പ്രവർത്തനം ഇപ്പോഴും തുടരുന്നുണ്ട്.

കോവിഡ് പ്രതിസന്ധിക്കിടയിലും 3574 സംരംഭ യൂണിറ്റുകളും 656 കൃഷി സംഘങ്ങളും ക്യാമ്പെയ്നിന്റെ ഭാഗമായി പങ്കെടുത്തു. 1,48,853 കിറ്റുകളാണ് ഇത്തരത്തിൽ ഇതുവരെ വിതരണം ചെയ്തു കഴിഞ്ഞത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ